പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2061 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-യിലെ സി.എ.-ഓഫീസ് അറ്റൻഡന്റ് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ആകെ എത്ര സി.എ.-മാർ ഡെപ്യൂട്ടേഷനിൽ ജോലി നോക്കിവരുന്നു ; നിലവിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് സി.എ.-മാരേയും ഓഫീസ് അറ്റൻഡന്റ്മാരേയും അനുവദിച്ചിട്ടുള്ളത് ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡെപ്യൂട്ടേഷനിൽ സി.എ. ആയോ സ്റ്റെനോ ആയോ ആരും ജോലി ചെയ്യുന്നില്ല. കെ.എസ്.ആർ.ടി.സി.യിൽ സി.എ. തസ്തിക നിലവിലില്ല. ട്രാൻസ്പോർട്ട് ഭവനിലെ സീനിയർ ഉദ്യോഗസ്ഥരായ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ, എഫ്.എ. ആന്റ് സി.എ.ഒ., എക്സിക്യൂട്ടീവ് ഡയറക്ടർമാർ, അപ്പലേറ്റ് ട്രൈബ്യൂണൽ, കൺട്രോളർ ഓഫ് പർച്ചേയ്സ് ആന്റ് സ്റ്റോഴ്സ് എന്നിവർക്കാണ് സ്റ്റെനോഗ്രഫർമാരേയും ഓഫീസ് അറ്റൻഡന്റ്മാരെയും അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഇത്തരത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ സഹായത്തിനായി എത്ര വീതം ഏതൊക്കെ തസ്തികകളിലെ ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത് ; പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ഈ വിഭാഗത്തിൽ പേഴ്സണൽ സെക്രട്ടറി ടു സി.എം.ഡി.യും, ഒരു സ്റ്റെനോഗ്രാഫറും മാത്രമാണ് നിലവിലുള്ളത്. ഇതിൽ പേഴ്സണൽ സെക്രട്ടറി സി.എം.ഡി. യുടെ ഓഫീസിലും, സ്റ്റെനോഗ്രാഫർ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഓഫീസിലും പ്രവർത്തിക്കുന്നു. ബാക്കിയുള്ള ഉദ്യോഗസ്ഥർക്ക് ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട് എന്നിവരെയാണ് നൽകിയിട്ടുള്ളത്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ചെലവ്ചുരുക്കലിന്റെ ഭാഗമായി ഏതെങ്കിലും തസ്തിക കെ.എസ്. ആർ.ടി.സി.-യിൽ വെട്ടിക്കുറച്ചിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ കെ.എസ്.ആർ.ടി.സി.-യിലെ തന്നെ ഉദ്യോഗസ്ഥർക്ക് സഹായികളെ കോർപ്പറേഷൻ ചെലവിൽ ഏർപ്പെടുത്തുന്ന സംവിധാനത്തിൽ കർശന നിയന്ത്രണമേർപ്പെടുത്തുമോ ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

| | | | | |
|---|---|---|---|---|
| സി.എം.ഡി. യുടെ ഓഫീസ് | പി.എ.<br>ടൈപ്പിസ്റ്റ് | 1<br>1 | അറ്റൻഡർ | [illegible] |
| എഫ്.എ. ആന്റ് സി.എ.ഒ | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 1 |
| ജനറൽ മാനേജർ | ഫെയർ കോപ്പി സൂപ്രണ്ട് | 1 | അറ്റൻഡർ | 1 |
| അപ്പലേറ്റ് ട്രൈബ്യൂണൽ | സ്റ്റെനോ ഗ്രാഫർ | 1 | - | - |
| എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 1 |
| " (വിജിലൻസ്) | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 1 |
| " (ഓപ്പറേഷൻസ്) | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 1 |
| പേഴ്സണൽ മാനേജർ | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 2 |
| Officer on Special Duty & Secretary | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 1 |
| കൺട്രോളർ ഓഫ് പർച്ചേസ് ആന്റ് സ്റ്റോഴ്സ് | ടൈപ്പിസ്റ്റ് | 1 | അറ്റൻഡർ | 1 |

സെക്ഷൻ ഓഫീസർ